സുനാമിമൂലം തകർന്ന കടൽഭിത്തികളും പുലിമുട്ടുകളും

152 [1091] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. സി. പി. മുഹമ്മദ്:
,, *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി തിരമാലകൾമൂലം എവിടെയെല്ലാം കടൽഭിത്തികളും പുലിമുട്ടുകളും തകർന്നിട്ടുണ്ട്; ഇതിൽ ഏതെല്ലാം സ്ഥലങ്ങളിൽ ചാകര ദൃശ്യമായിട്ടുണ്ട്;

(ബി) ഈ സ്ഥലങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്ന വള്ളങ്ങൾക്ക് മത്സ്യവുമായി തിരിച്ചെത്തുമ്പോൾ സുഗമമായി കടപ്പുറത്തെത്താൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ;

(സി) തകർന്ന കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും പാറകൾ നീക്കം ചെയ്ത് മത്സ്യബന്ധനയാനങ്ങൾക്ക് കേടുപാടും അപകടവും കൂടാതെ തീരത്തെത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുനാമി തിരമാലകൾമൂലം കേരള തീരത്തുള്ള വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, മുനമ്പം, കായംകുളം, പുതിയാപ്പ, ചോമ്പാൽ, മോപ്ല ബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിലെ പുലിമുട്ടുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കൽ, തറയിൽകടവ്, കള്ളിക്കാട്, ആറാട്ടുപുഴ എന്നിവിടങ്ങളിലും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ തൃക്കുന്നപ്പുഴ, പതിയാൻകര, മാനൂർ, പല്ലന എന്നിവിടങ്ങളിലും പുറക്കാട് ഗ്രാമപഞ്ചായത്തിൽ പുന്തലയിലും എറണാകുളം ജില്ലയിൽ എടവനക്കാട്, ചെല്ലാനം എന്നിവിടങ്ങളിലും കടൽഭിത്തികൾ തകർന്നിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ചാകര ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സുനാമിക്കുശേഷം മത്സ്യബന്ധന തുറമുഖങ്ങളിലും, മത്സ്യബന്ധന കേന്ദ്രങ്ങളിലും മണൽ അടിഞ്ഞുകൂടി മത്സ്യബന്ധനത്തിനു പ്രയാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സുനാമിമൂലം കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങളിലെ പുലിമുട്ടുകളുടെ കേടുപാട് തീർക്കുന്നതിനും ഡ്രഡ്ജിംഗ് നടത്തുന്നതിനുമുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly